കേരളീയം, കൊക്കാലെ, തൃശൂർ-680021
e-mail: mailkeraleeyam@gmail.com, 0487 2421385

## ഗാഡ്ഗിൽ റിപ്പോർട്ടാണ് കർഷകർക്ക് നല്ലത്

**പശ്ചിമഘട്ട** മലനിരകൾ നേരിടുന്ന ഭീഷണിയെക്കുറിച്ച് യു.എൻ പരിസ്ഥിതി സമിതിയും കലാനന്ദ്മണിയുടെയും ക്ലോഡ് അൽവാരിസിന്റെയും നേതൃത്വത്തിലുള്ള ഗോവാ ഫൗണ്ടേഷനും എ. മോഹൻകുമാറിന്റെ നേതൃത്വത്തിൽ 25 വർഷം മുമ്പ് നടന്ന പശ്ചിമഘട്ട രക്ഷായാത്രയും ഒടുവിൽ ഗാഡ്ഗിൽ റിപ്പോർട്ടും നമ്മെ ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. പശ്ചിമഘട്ട മലനിരകളുടെ അടിവാരങ്ങളിൽ താമസിക്കുന്ന ജനങ്ങളെ ഉപയോഗിച്ച്, ക്വാറിമുതലാളിമാരുടെ താത്പര്യം സംരക്ഷിക്കുന്നതിനായി കേരളത്തിന്റെ മുഴുവൻ ജനങ്ങളുടെയും പരിസ്ഥിതിയെ തകർക്കുന്നതിന് പകരം, അവർക്ക് ശരിയായ രീതിയിലുള്ള പുനരധിവാസ സൗകര്യങ്ങൾ ഒരുക്കി പശ്ചിമഘട്ടം സംരക്ഷിക്കണം. തീരദേശസംരക്ഷണവും വന-വന്യജീവി സംരക്ഷണവും അനിവാര്യമായപ്പോഴും വികസനങ്ങൾക്ക് വേണ്ടിയും ജനങ്ങളെ പുനരധിവസിപ്പിച്ചുണ്ടല്ലോ. സർക്കാർ നടപ്പിലാക്കാൻ പോകുന്ന കസ്തൂരിരംഗൻ റിപ്പോർട്ടിനേക്കാൾ മലയോരനിവാസികൾക്കും കർഷകർക്കും സുരക്ഷിതത്വം നൽകുന്നത് ഗാഡ്ഗിൽ റിപ്പോർട്ടാണ്. ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കിയാൽ കുടിയൊഴിപ്പിക്കപ്പെടും, കൃഷി ചെയ്യാൻ കഴിയില്ല എന്നീ പ്രചരണങ്ങൾ തെറ്റാണ്. ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കുന്നതോടെ പശ്ചിമഘട്ട മലനിരയാകെ പ്രത്യേക ജൈവവൈവിധ്യ മേഖലയായി പ്രഖ്യാപിക്കപ്പെടും എന്നതിനാൽ പ്രസ്തുത മേഖലയിലെ വിഭവങ്ങൾക്ക് പ്രത്യേക മാർക്കറ്റ് രൂപപ്പെടും. ഇന്ന് ലഭിക്കുന്നതിനേക്കാൾ നല്ല വില നൽകി ആളുകൾ കൃഷിയിടങ്ങൾ വാങ്ങും. ഇത് കൃഷി വർദ്ധിക്കുന്നതിനും കർഷകരുടെ വരുമാനം വർദ്ധിക്കുന്നതിനും ഇടയാക്കും. മറിച്ചുള്ള പ്രസ്താവനകൾ മലനിരകൾ ഖനനം ചെയ്ത് ആഡംബരം വർദ്ധിപ്പിക്കുന്ന വികസനവാദികളുടേതാണ്. വിവിധ കോർപ്പറേറ്റ് സ്ഥാപനങ്ങളുമായി ജനപ്രതിനിധികൾ ഒപ്പുവച്ചിട്ടുള്ള കോടാനുകോടികളുടെ കരാറുകൾ യാഥാർത്ഥ്യമാകണമെങ്കിൽ പശ്ചിമഘട്ടത്തിലെ കല്ലുകൾ വേണ്ടിവരും. ഈ കോർപ്പറേറ്റ് താത്പര്യമാണോ സാമാന്യജനവിഭാഗത്തിന്റെ താത്പര്യമാണോ സംരക്ഷിക്കപ്പെടേണ്ടത് എന്ന് വിലയിരുത്താനുള്ള അവസരമാണിത്.

**ടി. ശ്രീനിവാസൻ,**
**പ്രകൃതി സംരക്ഷണ സമിതി, കോഴിക്കോട്**

**കാർട്ടൂൺ: അഭിലാഷ്**

